Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

നം. കൈറ്റ്/2022/1515 (2) തീയതി : 15.02.2022

## സർക്കുലർ

വിഷയം:- കൈറ്റ് - സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ ഐടി ഉപകരണങ്ങളുടെ പ്രവർത്തനക്ഷമത - ഉപയോഗം തുടങ്ങിയവ സംബന്ധിച്ച വിവര ശേഖരണവും പരിശോധനയും (ഓഡിറ്റ്) നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:-

1. സ.ഉ.(സാധാ) നം 165/2018/പൊ.വി.വ. തീയതി 10.01.2018.
2. സ.ഉ.(സാധാ) നം. 3847/2019 പൊ.വി.വ തീയതി 27.09.2019.
3. ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 14.12.2021 ന് നടന്ന വിദ്യാകിരണം സംസ്ഥാന കർമ്മ സമിതി യോഗത്തിന്റെ നടപടിക്കുറിപ്പുകൾ.
4. സ.ഉ.(സാധാ) നം. 830/2022/GEDN തീയതി 14.02.2022.

സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ കിഫ്ബി ധനസഹായത്തോടെ കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) ലഭ്യമാക്കിയ ഐ.ടി ഉപകരണങ്ങൾ സ്കൂളുകൾ സ്വീകരിക്കുന്നതിന് മുമ്പ് കൈറ്റുമായി സൂചന 1 പ്രകാരം ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്. സൂചന 2, 4 പ്രകാരമുള്ള ഉത്തരവുകളിൽ ഉപകരണങ്ങളുടെ തൽസ്ഥിതി അറിയാനും തുടർനടപടികൾക്കുമായി ഓരോ വർഷവും പ്രത്യേക ഐ.ടി ഇൻഫ്രാസ്ട്രക്ചർ ഓഡിറ്റ് കൈറ്റ് നടത്തേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സൂചന 3 പ്രകാരം സ്കൂളുകളിൽ വിന്യസിച്ചിട്ടുള്ള ഡിജിറ്റൽ ഉപകരണങ്ങൾ ഫലപ്രദമായ രീതിയിൽ പരിപാലിക്കുന്നുണ്ടോ എന്ന് കൈറ്റ് ഉറപ്പുവരുത്തണമെന്ന് തീരുമാനിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ കഴിഞ്ഞ വർഷങ്ങളിലേതുപോലെ 2021-22-ലും പ്രത്യേക വിവരശേഖരണവും പരിശോധനയും (ഓഡിറ്റ്) നടത്തുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ഹൈടെക് സ്കൂൾ പദ്ധതിയിലും ഹൈടെക് ലാബ് പദ്ധതിയിലും ഉൾപ്പെട്ട മുഴുവൻ വിദ്യാലയങ്ങളിലും ഐടി ഇൻഫ്രാസ്ട്രക്ചർ ഓഡിറ്റിംഗ് നടത്തേണ്ടതാണ്.
2. ഹൈടെക് സ്കൂൾ/ഹൈടെക് ലാബ് പദ്ധതിയിലുള്ള ഓരോ വിദ്യാലയവും samagra.kite.kerala.gov.in-ൽ പ്രഥമാധ്യാപകരുടെ യൂസർ ഐ.ഡി ഉപയോഗിച്ച് ലോഗിൻ ചെയ്യുമ്പോൾ ലഭിക്കുന്ന Dashboard-ലെ IT SURVEY & AUDIT എന്ന ലിങ്കിൽ 25.02.2022-നു മുമ്പ് വിശദാംശങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്.

VICTERS The Complete Educational Channel
victers.kite.kerala.gov.in

Kerala Infrastructure and Technology for Education (KITE)
Poojappura P.O. Thiruvananthapuram-695 012 Kerala India
Tel : +91 471 2529800 Fax : 0471 2529810 contact@kite.kerala.gov.in

www.kite.kerala.gov.in
(CIN : U74999KL2017NPL049848)

3. സ്കൂളുകൾ ഓൺലൈനിൽ ഉൾപ്പെടുത്തിയ വിശദാംശങ്ങൾ ഹൈടെക് സ്കൂൾ/ ഹൈടെക് ലാബ് പദ്ധതികൾ പ്രകാരം ഓരോ സ്കൂളിനും ലഭ്യമാക്കിയ ഐ.ടി ഉപകരണങ്ങളുടെ അടിസ്ഥാനത്തിൽ കൈറ്റ് മാസ്റ്റർ ട്രെയിനർമാർ/ ചുമതലപ്പെടുത്തുന്ന ഓഡിറ്റർമാർ സ്കൂൾ സന്ദർശിച്ച് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

4. ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികൾ സ്കൂളുകൾക്ക് നൽകിയ ഉപകരണങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ സ്കൂൾ അധികൃതർ ഓൺലൈനിൽ ഉൾപ്പെടുത്തിയതും സന്ദർശന വേളയിൽ കൈറ്റ് മാസ്റ്റർ ട്രെയിനർ/ഓഡിറ്റർ കണ്ടെത്തിയതും തമ്മിൽ വ്യത്യാസം ഉണ്ടെങ്കിൽ പരസ്പരം ചർച്ച ചെയ്ത് തെറ്റ് തിരുത്താൻ കഴിയുന്നവ സ്കൂൾ അധികൃതർ തന്നെ ഓൺലൈനിൽ തിരുത്തേണ്ടതാണ്.

5. ജില്ലാതലത്തിൽ കൈറ്റ് മാസ്റ്റർ ട്രെയിനർമാരുടെ യോഗം ചേർന്ന് സ്കൂൾ സന്ദർശനം സംബന്ധിച്ച ഷെഡ്യൂൾ തയ്യാറാക്കേണ്ടതും ഓരോ സ്കൂളിനേയും മുൻകൂട്ടി അറിയിച്ച് സന്ദർശനം ക്രമീകരിക്കേണ്ടതുമാണ്.

6. കൈറ്റ് ജില്ലാ കോ-ഓർഡിനേറ്റർ സ്കൂളുകളെ മുൻകൂട്ടി അറിയിക്കുന്ന സന്ദർശന ഷെഡ്യൂളിന്റെ അടിസ്ഥാനത്തിൽ സ്കൂൾ പ്രവർത്തനത്തെ ബാധിക്കാത്ത തരത്തിൽ വിവരശേഖരണത്തിനുള്ള ക്രമീകരണങ്ങൾ അതത് സ്കൂൾ പ്രഥമാധ്യാപകർ ഒരുക്കേണ്ടതാണ്.

7. സ്കൂൾ സന്ദർശനം നടത്തുന്ന മാസ്റ്റർ ട്രെയിനർമാർ 'സമഗ്ര' പോർട്ടലിലെ മാസ്റ്റർ ട്രെയിനർ ലോഗിനിൽ ലഭ്യമാക്കിയിട്ടുള്ള ഓഡിറ്റ് റിപ്പോർട്ട് ഓൺലൈനായി തയാറാക്കേണ്ടതും ജില്ലാ കോ-ഓർഡിനേറ്റർക്ക് നൽകേണ്ടതുമാണ്.

8. ജില്ലാതലത്തിൽ കൈറ്റ് മാസ്റ്റർ ട്രെയിനർമാരുടെ യോഗം ചേർന്ന് പ്രസ്തുത റിപ്പോർട്ടുകൾ ഓരോന്നും വിശകലനം ചെയ്യേണ്ടതും ക്രോഡീകരിച്ച റിപ്പോർട്ട് സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതിനായി ജില്ലാ കോ-ഓർഡിനേറ്റർ സ്റ്റേറ്റ് ഓഫീസിലേക്ക് നൽകേണ്ടതുമാണ്.

കെ.അൻവർ സാദത്ത്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

എല്ലാ സർക്കാർ, എയ്ഡഡ് സ്കൂൾ പ്രഥമാധ്യാപകർക്കും (ജില്ലാ കോ-ഓർഡിനേറ്റർ മുഖേന)

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ-അറിവിലേക്ക്
ജോയിന്റ് ഡയറക്ടർ (അക്കാദമിക്), എച്ച്.എസ്.ഇ.
ഡെപ്യൂട്ടി ഡയറക്ടർ (കരിക്കുലം), വി.എച്ച്.എസ്.ഇ.
എല്ലാ ആർഡിഡി/എഡി/ഡിഡിഇ/ഡിഇഒ-മാർക്കും
എല്ലാ ജില്ലാ കോ-ഓർഡിനേറ്റർമാർ/മാസ്റ്റർ ട്രെയിനർമാർക്കും
സ്റ്റോക് ഫയൽ